# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

## പ്രധാനമന്ത്രി ഗ്രാമീണ റോഡ് പദ്ധതി പ്രകാരം സംസ്ഥാനത്ത് അനുമതി ലഭിച്ച റോഡുകൾ

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4703 — 14-11-2019-ൽ മറുപടിയ്ക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല | | ശ്രീ.എ.സി.മൊയ്തീൻ (തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി) | |
| (എ) | പ്രധാനമന്ത്രി ഗ്രാമീണ റോഡ് പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ രാജ്യത്താകെ 1,25,000 കിലോമീറ്റർ ഗ്രാമീണ റോഡുകൾക്ക് കേന്ദ്രം അനുമതി നൽകിയപ്പോൾ സംസ്ഥാനത്ത് അനുമതി ലഭിച്ചത് വെറും 1425 കിലോമീറ്റർ റോഡിന് മാത്രമാണോ; | (എ) | അതെ. |
| (ബി) | ഇതേ പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ നേരത്തെ 50,000 കിലോമീറ്റർ റോഡ് രാജ്യമൊട്ടാകെ അനുവദിച്ചപ്പോൾ കേരളത്തിന് ലഭിച്ചത് 570 കിലോമീറ്റർ റോഡ് മാത്രമായിരുന്നോ; | (ബി) | പ്രധാനമന്ത്രി ഗ്രാമീണ റോഡ് പദ്ധതി (പി.എം.ജി.എസ്.വൈ.) രണ്ടാം ഘട്ടത്തിൽ 570 കി.മീറ്റർ റോഡാണ് സംസ്ഥാനത്തിന് അനുവദിച്ചിരുന്നതെങ്കിലും സംസ്ഥാനം സമർപ്പിച്ച പ്രൊപ്പോസൽ പരിഗണിച്ച് 588.89 കി.മീ.ദൈർഘ്യം വരുന്ന റോഡുകൾക്കും നീളം കൂടിയ 2 പാലങ്ങൾക്കും കേന്ദ്ര സർക്കാരിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ട്. |
| (സി) | ഗ്രാമീണ റോഡ് ശൃംഖലയുടെ വ്യാപ്തിയും ഡീസൽ ഉപയോഗത്തിന്റെ അനുപാതവും വച്ച് കണക്കാക്കിയാൽ കേരളത്തിന് ചുരുങ്ങിയത് 4500 കിലോമീറ്റർ റോഡെങ്കിലും ലഭിക്കേണ്ടതായിരുന്നു എന്ന റിപ്പോർട്ടുകൾ പരിശോധിക്കുക ഉണ്ടായോ; എങ്കിൽ ഇതിനായി കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ; വ്യക്തമാക്കുമോ? | (സി) | കേരളത്തിന് 4,500 കിലോമീറ്റർ റോഡുകൾ ലഭിക്കേണ്ടതായിരുന്നു എന്ന രീതിയിലുള്ള റിപ്പോർട്ടുകളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല |

സെക്ഷൻ ഓഫീസർ.